# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 466 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

### മൂല്യവർദ്ധിത നികുതി കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിടിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകി ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് വിധി പുറപ്പെടുവിച്ചത്; വിധി പകർപ്പ് ലഭ്യമാക്കുമോ; | (എ) | മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകി ഹൈക്കോടതി 11.01.2019-ൽ വിധി പ്രഖ്യാപിച്ചിട്ടുണ്ട്. വിധിയുടെ പകർപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | ജി.എസ്.ടി. നിലവിൽ വന്ന് ഒരു കൊല്ലം കഴിഞ്ഞതോടെ പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ചവർ എത്രയാണെന്നും ഇവർ മാത്രം അടയ്ക്കാനുള്ള മൂല്യവർദ്ധിത നികുതി എത്രയാണെന്നും വെളിപ്പെടുത്തുമോ; | (ബി) & (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | മൂല്യവർദ്ധിത നികുതി കുടിശ്ശികയുള്ളതും എന്നാൽ ഹൈക്കോടതിയിൽ ഹർജി | | |

| | | | |
|---|---|---|---|
| | സമർപ്പിച്ചിട്ടില്ലാത്തവരുമായവരിൽ നിന്നും പ്രസ്തുത നികുതിയായി പിരിഞ്ഞുകിട്ടേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരത്തിൽ 2011-12 വർഷം മുതൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട കുടിശ്ശികയും പിഴയും എത്ര തുക എന്നും ഇവ പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ? | (ഡി) | 2011-12 വർഷം മുതൽ സംസ്ഥാനത്തിന് ലഭിക്കേണ്ട കുടിശ്ശികയും പിഴയും എത്രയാണെന്നുള്ള വിവരം ഡെപ്യൂട്ടി കമ്മീഷണർമാരിൽ നിന്നും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.<br><br>നികുതി കുടിശ്ശിക, പലിശ, പിഴ എന്നിവ പിരിച്ചെടുക്കുവാൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് വ്യവസ്ഥാപിതമായ നടപടി ക്രമങ്ങൾ ഉണ്ട്. നിയമപ്രകാരം വ്യാപാരി ഒടുക്കേണ്ടതോ, നികുതി നിർണ്ണയാധികാരി നിർണ്ണയിച്ചതോ ആയ നികുതി തുക, നികുതി സംബന്ധമായ ക്രമക്കേടുകൾ കാരണം ചുമത്തിയ പിഴ, നിയമപ്രകാരമുള്ള പലിശ എന്നിവ നിശ്ചിത തീയതിക്കുള്ളിൽ അടച്ചു തീർത്തില്ലെങ്കിൽ അത്തരം തുകകൾ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. വ്യാപാരം തുടർന്നു വരുന്നവർക്ക് എതിരെയുള്ള റിക്കവറി നടപടികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ ആണ് സ്വീകരിക്കുന്നത്. വ്യാപാരം നിർത്തിയതോ അസിസ്റ്റന്റ് കമ്മീഷണർ, തനിക്ക് കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിയുകയില്ല എന്ന് അറിയിക്കുകയോ ചെയ്യുന്ന കേസുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറ്റം ചെയ്യുകയാണ് ചെയ്യുന്നത്. കുടിശ്ശികക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കൾ പിടിച്ചെടുക്കുക, അവ ലേലം ചെയ്ത് വിൽക്കുക, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുക എന്നിവ സാധാരണയായി സ്വീകരിച്ചു വരുന്ന നടപടികളാണ്. പാർട്ട്നർഷിപ്പ് സ്ഥാപനങ്ങളുടെയോ കമ്പനികളുടെയോ കുടിശ്ശികയാണെങ്കിൽ സ്ഥാപനത്തിന്റെ |

| | | | |
|---|---|---|---|
| | | | സ്വത്തുക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പുറമെ ബന്ധപ്പെട്ട പാർട്ട്നർമാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ സ്വകാര്യ സ്വത്തുക്കളിൽ നിന്നും റിക്കവറി നടത്തുവാൻ നടപടികൾ കൈക്കൊള്ളാറുണ്ട്. കുടിശ്ശികക്കാരൻ സംസ്ഥാനത്തിന് വെളിയിൽ താമസിക്കുന്ന ആളാണെങ്കിൽ അയാൾ താമസിക്കുന്ന സംസ്ഥാനത്തെ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് റിക്കവറിക്കായുള്ള അർത്ഥനാപത്രം അയച്ചു കൊടുക്കാറുണ്ട്. ഇതു കൂടാതെ പഴയ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി കാലാകാലങ്ങളിൽ പിഴപലിശ, പലിശ എന്നിവയിൽ ഇളവുകൾ നൽകിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതികളും സർക്കാർ പ്രഖ്യാപിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ